ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിൽ നടന്ന ജനസമ്പർക്ക പരിപാടിക്കിടെ പരിക്കു പറ്റിയ ശ്രീമതി സാറയെ ജനസമ്പർക്കവേദിയിൽ സജ്ജീകരിച്ചിരുന്ന മെഡിക്കൽ എയിഡ് സെന്ററിൽ പ്രവേശിപ്പിച്ച് പ്രാഥമിക ശുശ്രൂഷകൾ നൽകി, ഇ.സി.ജി, എടുക്കുകയും കാസർഗോഡ് ജില്ലാആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത് എം.ആർ.ഐ. സി.ടി. സ്കാനുകൾ നടത്തി കാര്യമായ അസുഖങ്ങൾ ഒന്നുമില്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്. ശ്രീമതി സാറയുടെ അപേക്ഷ പരിഗണിച്ച് എ.പി.എൽ. റേഷൻ കാർഡ് ബി.പി.എൽ.ആക്കുന്നതിനും ഇരുപത്തിഅയ്യായിരം രൂപ ചികിത്സാ ധനസഹായം അനുവദിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

സർക്കാർ പ്രഖ്യാപിത പദ്ധതികൾ

16 (1719) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാം പിത്രോഡ 2012 ജനുവരി 15-ന് മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാം ;

(ബി) ഓരോ പദ്ധതിയുടേയും നിർവ്വഹണ പുരോഗതിയും ഇതിനകം ചെലവാക്കിയ തുക സംബന്ധിച്ചുമുള്ള വിവരവും നൽകുമോ ;

(സി) പദ്ധതികൾ തുടർച്ചയായി അവലോകനം ചെയ്തിരുന്നോ ; ഏറ്റവും ഒടുവിൽ അവലോകനം നടത്തിയത് എപ്പോഴായിരുന്നു ; വ്യക്തമാക്കുമോ;

(ഡി) പദ്ധതികൾക്കാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിരുന്നോ ; വ്യക്തമാക്കാമോ ;

(ഇ) പദ്ധതികൾ എന്ന് പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രീ. സാം പിത്രോഡ 2012 ജനുവരി 25-ന് മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പത്ത് പദ്ധതികളാണ് സർക്കാർ ആദ്യം പ്രഖ്യാപിച്ചത് :

1. തീരദേശജലപാത
2. നോളജ് സിറ്റി
3. മാലിന്യ പരിപാലനം

LIBRARY ARCHIVES Kerala Legislative Assembly

4. ഇ-ഗവേണൻസ്

5. സർവ്വീസിൽനിന്നും വിരമിച്ചവരുടെ വൈദഗ്ധ്യം സംസ്ഥാനത്തിന് ഗുണകരമാകും വിധം ഉപയോഗിക്കുക.

6. ആയുർവേദത്തിന്റെ ആധുനീകരണം

7. നൈപുണ്യ വികസനവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും

8. ആരോഗ്യ ഇൻഷ്വറൻസ്

9. പരമ്പരാഗത മേഖലകളുടെ ആധുനീകരണം

10. ഹൈ സ്പീഡ് റെയിൽ കോറിഡോർ

പത്തിന പദ്ധതി നിർദ്ദേശങ്ങളിൽ "ആരോഗ്യഇൻഷ്വറൻസ്" ഒഴികെയുള്ള മറ്റ് പദ്ധതി നിർദ്ദേശങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്.

(ബി) 1. സർവ്വീസിൽനിന്നും വിരമിച്ചവരുടെ വൈദഗ്ധ്യം സംസ്ഥാനത്തിന് ഗുണകരമാകും വിധം ഉപയോഗിക്കുക എന്ന പദ്ധതിയുടെ റിപ്പോർട്ട് മന്ത്രിസഭ അംഗീകരിക്കുകയും "കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പേർട്ട്സ് ഫോർ ഡെവലപ്മെന്റ്" എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

2. ഹൈ സ്പീഡ് റെയിൽ കോറിഡോറിന്റെ വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

3. നോളജ്സിറ്റി പദ്ധതി ടെക്നോപാർക്കിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ജില്ലയിലെ പള്ളിപ്പുറത്ത് സ്ഥാപിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതിക്ക് നിക്ഷേപകരെ തേടി താൽപര്യപത്രം ക്ഷണിച്ചിരുന്നു. രണ്ട് കമ്പനികൾ താൽപ്പര്യമറിയിച്ചിട്ടുണ്ട്.

4. മറ്റ് പദ്ധതി നിർദ്ദേശങ്ങൾ സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മൊത്തത്തിലുള്ള അവലോകനം അവസാനമായി നടന്നത് 2013 മേയ് 9 നാണ്. പദ്ധതികൾ പ്രത്യേകമായും അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാനും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരും തുടർച്ചയായി അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.

(ഡി) നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വികസന പദ്ധതികളിലെ തീരദേശ ജലപാത, മാലിന്യപരിപാലനം, നൈപുണ്യ വികസനവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും ഇ-ഗവേണൻസ്, നോളജ്സിറ്റി എന്നീ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി യഥാക്രമം 1166 ലക്ഷം, 5098 ലക്ഷം , 23498 ലക്ഷം, 2993 ലക്ഷം, ഒരു ലക്ഷം എന്നിങ്ങനെ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

(ഇ) പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.

സ്വാതന്ത്ര്യ സമര പെൻഷൻ

17 (1720) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യ സമര പെൻഷൻ വാങ്ങുന്ന സ്വാതന്ത്ര്യ സേനാനി, നോമിനിയെ ചേർക്കാതെ മരണമടഞ്ഞാൽ അവകാശികൾക്ക് തുടർ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) അവകാശ സർട്ടിഫിക്കറ്റ്, മറ്റ് രേഖകൾ എന്നിവ ഹാജരാക്കുന്നതിന് കാലതാമസമുണ്ടായാൽ തുടർപെൻഷൻ അനുവദിക്കുമ്പോൾ മുൻകാല പ്രാബല്യം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മുൻകാല പ്രാബല്യത്തോടെ തുടർപെൻഷൻ ലഭിക്കണമെന്നാവശ്യപ്പെട്ട് ആരെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്രസ്വാതന്ത്ര്യ സമര സേനാനി പെൻഷൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവിൽ അനന്തരാവകാശികളെ നാമനിർദ്ദേശം ചെയ്തിട്ടില്ലായെങ്കിൽ 6-8-2014 ലെ കേന്ദ്ര സർക്കാരിന്റെ റിവൈസ്ഡ് പോളിസി ഗൈഡ്ലൈൻസിലെ അനെക്സർ V-ൽ നിർദ്ദേശിച്ചിരിക്കുന്ന രേഖകളോടു കൂടി 6 മാസത്തിനകം ജില്ലാ മജിസ്ട്രേറ്റിന് അപേക്ഷ നൽകണം. അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ജില്ലാ മജിസ്ട്രേറ്റ് ശിപാർശ ചെയ്യുന്ന മുറയ്ക്ക് വിതരണ ബാങ്ക് പെൻഷൻ വിതരണത്തിനുള്ള നടപടികൾ സ്വീകരിക്കും. 6 മാസത്തിനുശേഷം ലഭിക്കുന്ന അപേക്ഷകൾ ബാങ്കുകൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

996/2018

LIBRARY ARCHIVES Kerala Legislative Assembly